**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും എന്നാൽ റവന്യൂ രേഖകൾ പ്രകാരം മഞ്ഞുമ്മൽ കർമ്മലീത്ത ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ റോഡ്, പകരം പള്ളിയുടെ ചെലവിൽ 182 മീറ്റർ നീളവും 6 മീറ്റർ വീതിയുള്ള ടൈൽ റോഡ് നിർമ്മിച്ച് ഏലൂർ നഗരസഭയ്ക്ക് കൈമാറും എന്ന വ്യവസ്ഥയിൽ മഞ്ഞുമ്മൽ കർമ്മലീത്ത ആശ്രമത്തിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.681/2020/ത.സ്വ.ഭ.വ. തീയതി , തിരുവനന്തപുരം.19/03/2020

---

പരാമർശം :- 1) 08/02/2018 ലെ ഏലൂർ നഗരസഭ സാധാരണ കൗൺസിൽ യോഗത്തിന്റെ 10-ാം നമ്പർ തീരുമാനം

2) നഗരകാര്യ ഡയറക്ടറുടെ 13.06.2018, 21.07.2018 എന്നീ തീയതികളി ലെ ജി3-7980/2018 നമ്പർ കത്തുകൾ.

3) ജില്ലാ കളക്ടർ എറണാകുളത്തിന്റെ 11.06.2019 ലെ എൽ8- 243360/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>.**

ഏലൂർ നഗരസഭാ പരിധിയിൽ വരുന്നതും കർമ്മലീത്ത ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ സർവ്വെ നം. 91/1 ൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവിൽ കൂടി മഞ്ഞുമ്മൽ - ഏലൂർ റോഡിൽ നിന്നും മഞ്ഞുമ്മൽ പള്ളിയിലേയ്ക്കുള്ള റോഡിന് സമാന്തരമായി പള്ളിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ 6 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ച് നഗരസഭയ്ക്ക് വിട്ടുനൽകുന്നതിന് തയ്യാറാണെന്നും പകരം നിലവിൽ അവിടെയുള്ള പഴയ റോഡ് നീക്കം ചെയ്യുന്നതിന് അനുവദിക്കണമെന്നും ഉള്ള കർമ്മലീത്ത ആശ്രമം സുപ്പീരിയറിന്റെ അപേക്ഷ 08.02.2018 ൽ ചേർന്ന ഏലൂർ നഗരസഭാ സാധാരണ യോഗം പരിഗണിക്കുകയുണ്ടായി. അപേക്ഷയിൽ പരാമർശിക്കുന്ന റോഡ് ഏലൂർ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡായതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുമാത്രമേ നഗരസഭാ കൗൺസിലിന് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുവാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഏലൂർ നഗരസഭയായി മാറിയ ശേഷം പിശക് മൂലം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പ്രസ്തുത റോഡ് പുറമ്പോക്കായി തെറ്റായി രേഖപ്പെടുത്തിയിരുന്നതിനാൽ തിരുത്തി പുറമ്പോക്ക് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനും തണ്ടപ്പേരിൽ ഉൾപ്പെടുത്തി വസ്തുവിന് പ്രിയോർ ജനറലിൽ നിന്നും കരം ഈടാക്കുന്നതിനും റവന്യൂ അധികാരികൾ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, കേരള മുനിസിപ്പാലിറ്റി ആക്ട് 215-ാം വകുപ്പ് പ്രകാരം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ വന്ന പിശക് തിരുത്തി കൗൺസിൽ തീരുമാനത്തിന് വിധേയമായി റവന്യൂ രേഖകളുടെ അടിസ്ഥാനത്തിൽ വസ്തു, ഉടമയ്ക്കു തന്നെ വിട്ടു നൽകുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഏലൂർ വില്ലേജ് സർവ്വേ നമ്പർ 91/1 (പഴയത്) ൽ പ്പെട്ട നിലവിലുള്ള ടാർ റോഡ് 4 മീറ്റർ വീതിയും 230 മീറ്റർ നീളവുമുള്ള റോഡായിരുന്നു. എന്നാൽ ഇപ്പോൾ പള്ളി റോഡ് നിർമ്മിച്ച് നഗരസഭയ്ക്കു **വിട്ടു** നൽകുന്നത് 182 മീറ്റർ നീളത്തിൽ 6 മീറ്റർ വീതിയുള്ള ടൈൽ റോഡാണ്. ബാക്കി 48 മീറ്റർ നീളവും 4 മീറ്റർ വീതിയിലുമുള്ള

ടാർ റോഡ് നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അതേപടി നിലനിർത്താനാണ് നഗരസഭ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഭൂമി റീസർവ്വേ ബ്ലോക്ക് നം.134 റീസർവ്വേ നം.1,2,28 എന്നവയിൽപ്പെടുന്നതാണെന്ന് ഏലൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തി-യിട്ടുള്ളതാണ് എന്ന വിവരവും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡ് സർവ്വേ നമ്പർ 91/1 (പഴയത്) ൽ പ്പെട്ട സ്വകാര്യ ഭൂമിയായിരുന്നുന്നതും റീ സർവ്വേ റെക്കോർഡിൽ പുറമ്പോക്കായി മാറിയത് പറവൂർ തഹസിൽദാർ (LR) ന്റെ ഉത്തരവ് പ്രകാരം തിരുത്തപ്പെട്ട് വീണ്ടും കർമ്മലീത്ത ആശ്രമം കൈവശം വെച്ച് കരം തീർത്തുപോരുന്നതാണെന്നും ഏലൂർ മുൻസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുപോയിട്ടുള്ളതിന് പകരമായി നിലവിലുള്ള റോഡിന് സമാന്തരമായി അതിൽ കൂടുതൽ സൗകര്യപ്രദമായി 6 മീറ്റർ വീതിയിൽ പള്ളി സ്വന്തം ഉത്തരവാദിത്വത്തിൽ റോഡ് നിർമ്മിച്ച് ഏലൂർ മുനിസിപ്പാലിറ്റിക്ക് കൈമാറിക്കൊള്ളാം എന്ന വ്യവസ്ഥയിൽ മഞ്ഞുമ്മൽ കർമ്മലീത്ത മഠം മദർ സുപ്പീയറിന്റേയും പള്ളി അധികാരികളുടേയും ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് എറണാകുളം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും എന്നാൽ റവന്യൂ രേഖകൾ പ്രകാരം മഞ്ഞുമ്മൽ കർമ്മലീത്ത ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ റോഡ്, പകരം പള്ളിയുടെ ചെലവിൽ 182 മീറ്റർ നീളവും 6 മീറ്റർ വീതിയുള്ള ടൈൽ റോഡ് നിർമ്മിച്ച് ഏലൂർ നഗരസഭയ്ക്ക് കൈമാറും എന്ന വ്യവസ്ഥയിൽ മഞ്ഞുമ്മൽ കർമ്മലീത്ത ആശ്രമത്തിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പള്ളി സ്വന്തം ചെലവിൽ നിർമ്മിച്ച് നഗരസഭയ്ക്ക് നൽകുന്ന റോഡും നിലവിലുള്ള ടാർ റോഡിന്റെ 48 മീറ്റർ നീളത്തിലുള്ള ശേഷിക്കുന്ന ഭാഗവും നിയമാനുസൃതം നഗരസഭയുടെ പേരിലേക്ക് മാറ്റി റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഏലൂർ നഗരസഭ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
സെക്രട്ടറി, ഏലൂർ മുനിസിപ്പാലിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം .
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.RC4/66/2018/LSGD)

ഉത്തരവിൻ പ്രകാരം

Danuja M
സെക്ഷൻ ഓഫീസർ